'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- പീരുമേട് ഗ്രാമപഞ്ചായത്ത് -2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി (പ്രോ.നം39/18) പുതിയ ടിപ്പർ വാഹനം വാങ്ങുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡി.ബി)വകുപ്പ്

സ.ഉ.(സാധാ) നം.1908/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 03/09/2019

പരാമർശം:- 1 പീരുമേട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21/02/2019 ലെ എ2-6061/18(1) നമ്പർ കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 20/06/19 ലെ 4.7 നമ്പർ തീരുമാനം

<u>ഉത്തരവ്</u>

പീരുമേട് ഗ്രാമപഞ്ചായത്തിൽ നിലവിൽ മാലിന്യം നീക്കം ചെയ്യാനുപയോഗിക്കുന്ന KL-06-B 8916 ാം നമ്പർ ടിപ്പർ ലോറി കാലപ്പഴക്കത്താലും നിരന്തരമായ തകരാറുമൂലവും ഉപയോഗിക്കാൻ കഴി യില്ലെന്നും ടി വാഹനം അൺ എക്കോണമിക് ആണെന്ന് പി ഡബ്ല്യു ഡി മെക്കാനിക്കൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും പഞ്ചായത്തിന്റെ ഭൂ പ്രകൃതിയും റോഡുകളുടെ പ്രത്യേകതയും കയറ്റിറക്കവും കണക്കാക്കിയാൽ ചെറു വാഹനം വാങ്ങിയാൽ മാലിന്യ പ്രശ്നം പരിഹരിക്കാൻ കഴിയാത്തതിനാലാണ് ടിപ്പർ വാഹനം തന്നെ വാങ്ങുന്നതിനു പഞ്ചായത്ത് തീരുമാനിച്ചത് എന്നും ആയതിനാൽ നിലവിലെ വാഹനം കണ്ടം ചെയ്യുമ്പോൾ പകരമായി 2018-19 വർഷം 2040000/- രൂപ (പ്രോ.നം39/18) വകയിരുത്തി പുതിയ ടിപ്പർ വാഹനം വാങ്ങുന്നതിന് അനുമതി നൽകണമെന്ന് പരാമർശം 1 പ്രകാരം പീരുമേട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരുന്നു.

2.വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിച്ചു. കമ്മിറ്റിയുടെ പരാമർശം 2 ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പീരുമേട് ഗ്രാമപഞ്ചായത്തിൽ നിലവിൽ മാലിന്യം നീക്കം ചെയ്യാനുപയോഗിക്കുന്ന KL-06-B 8916 ാം നമ്പർ ടിപ്പർ ലോറി കണ്ടം ചെയ്യുമ്പോൾ പകരമായി 2018-19 വർഷം 2040000/- രൂപ (രണ്ട് ലക്ഷത്തി നാല്പതിനായിരം രൂപ മാത്രം) വകയിരുത്തി (പ്രോ.നം39/18) പുതിയ ടിപ്പർ വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ്ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സെക്രട്ടറി, പീരുമേട് ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ല
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്